**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5529 | 01.07.2014 ൽ മറുപടിയ്ക്ക് |

## യുവജനകമ്മീഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി.രാജേഷ് : | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനകമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) സർക്കാർ തലത്തിൽ വിലയിരുത്തിയിട്ടില്ല. എന്നാൽ യുവജനകമ്മീഷൻ ചെയർപേഴ്സന്റെ അദ്ധ്യക്ഷത യിൽ എല്ലാ മാസവും കൂടുന്ന അംഗങ്ങളുടെ യോഗത്തിൽ കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തി ആവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പ്രവർത്തനം തുടങ്ങി ചുരുങ്ങിയ കാലയളവിനുള്ളിൽ യുവജനങ്ങളെ ബാധിക്കുന്ന വിവിധ പ്രശ്നങ്ങളിൽ ഇടപെട്ട് അവ പരിഹരിക്കുന്നതിനായി ആത്മാർത്ഥ ശ്രമം നട ത്തിയിട്ടുണ്ട്. നല്ല നിലയിൽ പ്രവർത്തനം പുരോഗമിച്ച് വരികയാണ്. |
| (ബി) യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും യുവാക്കളുടെ തൊഴിൽ സ്ഥലത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ? | (ബി) വ്യാപാര സ്ഥാപനങ്ങളിൽ വിശ്രമമില്ലാതെ തുടർച്ചയായി തൊഴിലെടുക്കുന്നവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ നേരിട്ട് സന്ദർശനം നടത്തി പരാതികൾ കേൾക്കുകയും, ആയത് സംബന്ധിച്ച് വിശദമായി പഠിച്ച് നിയമഭേദഗതികൾ ഉൾപ്പെടെയുള്ള പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി കൊണ്ടുള്ള റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. അതു പോലെ, തിരുവനന്തപുരം ജില്ലയിലെ ടെക്നോപാർക്കിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനു വേണ്ടി കമ്മീഷൻ സിറ്റിംഗ് നടത്തുകയും ബന്ധപ്പെട്ടവരുടെ പരാതികൾ കേൾക്കുകയും ചെയ്തു. ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് തയ്യാറാക്കി വരുന്നു. കൂടാതെ തൊഴിലിടങ്ങൾ ഉൾപ്പെടെയുള്ള സ്ഥലങ്ങളിലെ യുവാക്കളുടെ പ്രശ്നങ്ങൾ സംബന്ധിച്ച പരാതികളിലും കമ്മീഷൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ